പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :5585 24/05/2017-ൽ മറുപടിക്ക്

## ജില്ലാ-താലൂക്ക് ആശുപത്രികളിൽ ഒപ്റ്റോമെട്രിസ്റ്റുകളുടെ കുറവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | ജില്ലാ-താലൂക്ക് ആശുപത്രികളിൽ ഒപ്റ്റോമെട്രിസ്റ്റുകളുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) & (ബി) | ജില്ലാ/താലൂക്ക് ആശുപത്രികളിൽ സീനിയർ ഒപ്റ്റോമെട്രിസ്റ്റുകളുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രൊമോഷൻ നൽകി പ്രസ്തുത കുറവ് പരിഹരിക്കുന്നതാണ്. താലൂക്ക്/ജില്ലാതല ആശുപത്രികളിൽ ആർദ്രം പദ്ധതി പ്രകാരം 20 ഒപ്റ്റോമെട്രിസ്റ്റിന്റെ തസ്തിക സൃഷ്ടിക്കുന്നതിനായി പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തസ്തികകൾ 2017-18, 2018-19, 2019-20 കാലയളവുകളിലായി സൃഷ്ടിക്കപ്പെടുന്നതാണ്. |
| (ബി) | ആർദ്രം പദ്ധതിയിൽ അന്ധത നിവാരണ പ്രവർത്തനങ്ങൾക്കായി ഒപ്റ്റോമെട്രിസ്റ്റുകളെ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇതിനായി പുതിയ തസ്തികകൾ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര തസ്തികകളാണ് സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നത്; | | |
| (സി) | സംസ്ഥാനത്ത് ഒപ്റ്റോമെട്രിസ്റ്റ് തസ്തികയിൽ മതിയായ ജീവനക്കാരില്ലാത്തത് അന്ധത നിവാരണ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പദ്ധതികളെ പ്രതികൂലമായി ബാധച്ചിട്ടുണ്ടോ; എങ്കിൽ ഈ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | ഇല്ല. |

സെക്ഷൻ ആഫീസർ